പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.806

28.02.2018 -ലെ മറുപടിയ്ക്ക്

## എൻഫോഴ്സ് വിംഗിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ എൻഫോഴ്സ് വിംഗിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ന്റെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരടങ്ങുന്ന ടീം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തുന്ന കേസുകളിൽ ചട്ടപ്രകാരം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. |
| (ബി) തൊഴിൽ നിയമങ്ങളെക്കുറിച്ചും എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും പരാതികൾ നൽകുന്ന കാര്യത്തിൽ തൊഴിലാളികൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ; | ബി) തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in ൽ തൊഴിൽ നിയമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ, എൻഫോഴ്സ്മെന്റ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനം എന്നിവയും പരാതികൾ നൽകേണ്ട തൊഴിൽ വകുപ്പിന്റെ കോൾസെന്റർ, ആയതിന്റെ ടോൾഫ്രീ നമ്പർ എന്നിവയും ടി വെബ്സൈറ്റിൽ ലഭ്യമാണ്. കോൾസെന്ററിനെ |

കുറിച്ചുള്ള പ്രചരണം മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകിയിട്ടുമുണ്ട്. വേതനസുരക്ഷാ പദ്ധതിയെക്കുറിച്ചുള്ള അവബോധന ക്ലാസുകളും തൊഴിലാളികൾക്കായി സംഘടിപ്പിച്ചു വരുന്നു.

(സി) തൊഴിൽ രംഗത്ത് ചൂഷണത്തിന്റെ തീവ്രത കുറയ്ക്കാനായി എൻഫോഴ്സ് വിംഗിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സി) സംസ്ഥാന തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതനസുരക്ഷാ പദ്ധതിയിലൂടെ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെ തന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് ഓൺലൈനായി പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കാലാനുസൃതമായി ശക്തിപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കി വരികയാണ്.

Sreeja

**സെക്ഷൻ ഓഫീസർ**